സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - മാസാന്ത്യ കണക്ക് യഥാസമയം അയയ്ക്കാതിരിക്കുന്നവരുടെ പേരിൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 87/12/Est-1 (i)                നന്തൻകോട്, 05/10/2018

---

പരാമർശം :- 1) 27-09-2012 ലെ ROC 87/12/Est-1 നമ്പർ ബോർഡുത്തരവ്.
2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 03-08-2018 ലെ DA 375/18/B-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തലേമാസത്തെ മാസാന്ത്യ കണക്കുകൾ അയച്ചശേഷം മാത്രമെ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഹെഡ് ക്ലാർക്ക് എന്നിവരുടെ ശമ്പളം ചെലവെഴുതാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ച് ബോർഡുത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ ടി ഉത്തരവ് അവഗണിച്ച് മാസാന്ത്യകണക്ക് യഥാസമയം തയ്യാറാക്കി അയക്കാതെ ഉദ്യോഗസ്ഥർ ശമ്പളം കൃത്യമായി ചെലവെഴുതി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

മാസാന്ത്യ കണക്ക് യഥാസമയം അയയ്ക്കാത്തതിനാൽ ക്ലാസിഫൈഡ് അബ്സ്ട്രാക്റ്റ് അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫിസുകളിൽ നിന്നും അയയ്ക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുള്ളതും തന്മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ തടസ്സപ്പെടുന്നതും ഇത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും ബോർഡിനെതിരായ പരാമർശങ്ങൾക്കിടവരുത്തുന്നതുമാണ്.

മേൽ സാഹചര്യത്തിൽ നിലവിലെ കുടിശ്ശിക ഉൾപ്പെടെ ഒക്ടോബർ മാസം വരെയുള്ള മാസാന്ത്യ കണക്കുകൾ തയ്യാറാക്കി അയയ്ക്കുന്നതിന് നവംബർ 15 വരെ സമയപരിധി അനുവദിച്ചും തുടർന്ന് നവംബർ മാസം മുതൽ തലേമാസത്തെ മാസാന്ത്യ കണക്ക് കൃത്യമായി അയയ്ക്കാത്ത ഹെഡ്ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ എന്നിവരുടെ ശമ്പളം ചെലവെഴു

*(മറുപുറം)*

തുന്നത് തടഞ്ഞും കണക്ക് കുടിശ്ശിക തീർത്തയക്കാതെ ഉദ്യോഗസ്ഥർ സ്ഥലംമാറിപ്പോകുന്നുവെങ്കിൽ സ്ഥലംമാറി പോകുന്നതിന് തലേമാസം വരെയുള്ള കണക്ക് അയച്ചശേഷം മാത്രമെ പ്രസ്തുത ഉദ്യോഗസ്ഥരുടെ LPC നൽകുവാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ഇ.ഡി.പി. സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK